(ബി) പ്രയോജനരഹിതമായ പരസ്യങ്ങൾമൂലം പൊതുമുതൽ നഷ്ടപ്പെടുന്നത് പരിഗണിച്ച് പരസ്യങ്ങൾ നൽകുന്നതിൽ കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) വിവരം ശേഖരിക്കുന്നു.

(ബി) പരസ്യങ്ങൾ മൂലം പൊതുമുതൽ നഷ്ടപ്പെടുന്നതായി ഗവൺമെൻറ് കരുതുന്നില്ല.

കാർട്ടൂണിസ്റ്റുകൾക്ക് അക്രെഡിറേഷൻ നൽകാൻ നിവേദനം

* 766 [834] ശ്രീ. ഒ. ലൂക്കോസ്:

,, ഡോ: ജോർജ്മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പത്രപ്രവർത്തന രംഗത്ത് വിലപ്പെട്ട സംഭാവനകൾ നൽകുന്ന കാർട്ടൂണിസ്റ്റുകൾക്കു കൂടി പത്രപ്രവർത്തകർക്ക് കൊടുക്കുന്ന അക്രെഡിറേഷൻ നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിലേക്ക് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) പത്രപ്രവർത്തകർക്കു കൊടുക്കുന്ന അക്രെഡിറേഷൻ ഇവർക്കു കൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) മറ്റു സംസ്ഥാനങ്ങളിൽ ഇങ്ങനെ നൽകിവരുന്നതായി ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ഡി) ഇല്ല.

സൂപ്പർചെക്ക് സെൽ

* 767 [835] ശ്രീ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസവകുപ്പിലെ സൂപ്പർചെക്ക് സെല്ലിൻെറ ഉദ്ദേശമെന്ത്;

(ബി) ഇത് എത്ര സ്കൂളുകളിൽ ഇക്കൊല്ലം പരിശോധന നടത്തി;

(സി) ഇതിൻെറ ഫലമായി എത്ര അദ്ധ്യാപകർക്ക് ജോലി നഷ്ടപ്പെട്ടു;

(ഡി) പിരിച്ചുവിടപ്പെടുന്ന അദ്ധ്യാപകർക്ക് ജോലിനൽകാൻ എന്തെങ്കിലും സംവിധാനം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പരാതിയുടെ അടിസ്ഥാനത്തിലാണോ ഈ പരിശോധന നടത്തുന്നത്;

(എഫ്) യാതൊരു ക്രമക്കേടുകളും നടത്തിയിട്ടില്ലാത്ത സ്കൂളുകളിലെ അദ്ധ്യാപകർക്കെങ്കിലും ഏതാനും വിദ്യാർത്ഥികളുടെ ഹാജർ കുറവ് പരിഗണിക്കാതെ സംരക്ഷണം നൽകാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) സ്കൂളുകളിലും ജില്ല-ഉപജില്ല വിദ്യാഭ്യാസ ആഫീസുകളിലും ഉപരിപരിശോധന നടത്തി സ്റ്റാഫ് ഫിക്സേഷനിൽ ക്രമക്കേടുകൾ ഉള്ളത് കണ്ടുപിടിക്കുകയും അവയെ തടയാൻ നടപടി സ്വീകരിക്കുകയും ചെയ്യുക.

(ബി) 86 (എൺപത്തിയാറ്)

(സി) ഇതുവരെ ആർക്കും ജോലി നഷ്ടപ്പെട്ടിട്ടില്ല.

(ഡി) പ്രോദ്യം ഉദിക്കുന്നില്ല.

(ഇ) പരാതിയുടെ അടിസ്ഥാനത്തിലും അല്ലാതെയും പരിശോധന നടത്തുന്നുണ്ട്.

(എഫ്) കെ. ഇ. ആറിലെ വ്യവസ്ഥകൾക്ക് വിധേയമായി സംരക്ഷണം അർഹിക്കുന്നവർക്ക് അത് ലഭ്യമാകുന്നതാണ്.

സപ്ലിമെന്റ് റീസർവേ

* 768 [836] ശ്രീ. ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവേയ്ക്കു പകരം സപ്ലിമെന്റ് റീസർവേ എന്ന പേരിൽ ഇപ്പോൾ നിലവിലുള്ള പഴയ രേഖകൾ അനുസരിച്ച് ഭൂരേഖ പരിപാലന ജോലിയാണ് നടത്തുന്നത് എന്നു കേൾക്കുന്നത് ശരിയാണോ;

(ബി) ഇപ്പോഴത്തെ ഭൂസ്ഥിതി പഴയ റിക്കാർഡുകളുമായി പൊരുത്തമില്ലാത്തതുകൊണ്ട് മുൻരേഖയുടെ അടിസ്ഥാനത്തിൽ സർവേ നടത്തുമ്പോൾ രേഖയിലുള്ള സ്ഥലം അതിനനുസരിച്ചുതന്നെ എല്ലാം കൈകാര്യം ചെയ്യുന്നുവെന്നു രേഖപ്പെടുത്തുമ്പോൾ വ്യാജ രേഖകൾ ഉണ്ടാക്കി മിച്ചഭൂമിയിൽനിന്നും ഒഴിവാക്കാൻ ശ്രമിക്കുന്ന ജൻമിമാരെ സഹായിക്കുകയാണ് ചെയ്യുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ സപ്ലിമെന്റ് റീസർവേക്ക് ചെലവ് കുറവാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ചെലവ് കൂടുതലാണെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ;

(ഡി) ചില സർവേ നമ്പരുകളിൽ സപ്ലിമെന്റ് സർവേക്കുള്ള ചെലവ് റീസർവേക്കുവരുന്ന ചെലവിന്റെ രണ്ടിരട്ടിയും മൂന്നിരട്ടിയും വരുന്നുണ്ട് എന്നതു ശ്രദ്ധിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബി ജോൺ):

(എ) ശരിയാണ്. പഴയരേഖകൾ അനുസരിച്ച് വസ്തുക്കളുടെ അതിരുകൾ നിലനിർത്തി ഒറിജിനൽ സർവേയ്ക്കുശേഷം ഉണ്ടായിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly